DESPATCHED On..19/3/2020



14/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.918(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.14617/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. അബ്ദുൽ കബീർ സി.,
ചെമ്പകശ്ശേരി ഹൗസ്,
ആസാദ് നഗർ, പറപ്പൂർ പി.ഒ.,
മലപ്പുറം – 676 503.
} പരാതി ഹർജിക്കാരൻ

ജലനിധി സഹായ സംഘടന ഓഫീസ്,
പറപ്പൂർ, വീണാലക്കൻ,
മലപ്പുറം – 676 503.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17/10/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | - |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | - |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 23/11/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/02/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12/02/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 13/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. അബ്ദുൽ കബീർ സി., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, മലപ്പുറം ജില്ലയിലെ പറപ്പൂർ പഞ്ചായത്തിലെ വീണാലക്കലിലുള്ള ജനനിധി ഓഫീസിലേക്ക് അപേക്ഷ അയച്ചുവെങ്കിലും ആയത് കൈപ്പറ്റാതെ തിരസ്കരിച്ചു തിരിച്ചയക്കുകയാണുണ്ടായത് എന്നും ജലനിധി ഒരു സർക്കാർ സംരംഭമാണെന്നും അതിലെ ഉദ്യോഗസ്ഥർ സർക്കാർ ജീവനക്കാരാണെന്നും ആയതിനാൽ ടിയാന്റെ അപേക്ഷ തിരിച്ചയച്ചത് ശരിയല്ല എന്നും ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. സെന്റർ ഫോർ സസ്റ്റെയ്നബിൾ ഡിവലപ്മെന്റ് എന്ന സ്ഥാപനത്തിലെ സെക്രട്ടറി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പറപ്പൂർ

പഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിനേയും ഗുണഭോക്തൃ സംഘങ്ങളെയും സഹായിക്കുവാൻ കരാർ അടിസ്ഥാനത്തിൽ സി.എസ്.ഡി.യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഒരു സഹായ സംഘടന ഓഫീസാണ് പറപ്പൂർ വീണാലക്കലിൽ ഉള്ളത് എന്നും മേൽപ്പടി ഓഫീസിൽ സർക്കാർ ജീവനക്കാർ ആരുമില്ല എന്നും മേൽപ്പടി ഓഫീസിൽ ജോലി ചെയ്യുന്നത് കരാർ പ്രകാരമുള്ള താത്ക്കാലിക ജീവനക്കാരാണെന്നും വിവരാവകാശ നിയമപ്രകാരം നിയമിച്ചിട്ടുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മേൽപ്പടി ഓഫീസിൽ ഇല്ല എന്നും ആയതിനാലാണ് ഹർജിക്കാരന്റെ തപാൽ അന്നുണ്ടായിരുന്ന ജീവനക്കാർ സ്വീകരിക്കാതിരുന്നത് എന്നുമാണ്.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ച ഓഫീസ് ഒരു സഹായസംഘടനയാണെന്നും ആയത് വിവരാവകാശ നിയമപ്രകാരമുള്ള പൊതു അധികാരിയല്ല എന്നും ആയതിനാൽ മേൽപ്പടി ഓഫീസ് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നും കാണുന്നു. ആയതിനാൽ ഹർജിക്കാരൻ അയച്ച പരാതി കൈപ്പറ്റാതെ തിരികെ അയച്ചതിൽ കമ്മീഷൻ മേൽപ്പടി സംഘടനയുടെ ഭാഗത്തു നിന്നും എന്തെങ്കിലും അപാകതയുള്ളതായി കാണുന്നില്ല. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★